ജില്ലാ പഞ്ചായത്താണ്. എന്നാൽ സംസ്ഥാനത്ത് ത്രിതല പഞ്ചായത്തിന്റെ പ്രതിനിധികൾ കൂടി അംഗങ്ങളായുള്ള ഡിസ്ട്രിക്ട് വാട്ടർ ആന്റ് സാനിട്ടേഷൻ മിഷൻ എന്ന സൊസൈറ്റിയെയാണ് ജില്ലാതല നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ ചെയർമാൻ അതാത് ജില്ലാ കളക്ടറും മെമ്പർ സെക്രട്ടറി ജില്ലയിലുള്ള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുമാണ്.

സ്വജൽധാര സ്വാശ്രയ കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ്

22 (3962) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വജൽധാര സ്വാശ്രയ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പദ്ധതി നടപ്പിലാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള ഏജൻസി ഏതാണ് ;

(സി) ജില്ലാ പഞ്ചായത്തുകൾ നിലവിലുള്ള സംസ്ഥാനങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ആ സ്ഥാപനങ്ങളെ ഏൽപ്പിക്കണമെന്ന കേന്ദ്ര നിർദ്ദേശം നിലവിലുണ്ടോ ;

(ഡി) ഈ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ അടിയന്തരമായി പരിഹരിക്കുവാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 'ഡിസ്ട്രിക്ട് വാട്ടർ ആന്റ് സാനിട്ടേഷൻ മിഷൻ' എന്ന സൊസൈറ്റി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

സ്വജൽധാര പദ്ധതി പ്രകാരം കേരളത്തിന് അനുവദിച്ച തുക

23 (3963) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച "സ്വജൽധാര പദ്ധതി" സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ ;

(ബി) ഈ പദ്ധതിപ്രകാരം എത്ര തുകയാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത് ; എത്ര രൂപ ഇതിനകം കൈപ്പറ്റിയിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ഡി) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളാണ് ഈ പദ്ധതി പ്രകാരം പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2002-03 സാമ്പത്തിക വർഷം സംസ്ഥാനത്തിന് 8.63 കോടി രൂപയുടെ 120 സുജൽധാരാ പദ്ധതികൾക്ക് കേന്ദ്ര സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിയിലുൾപ്പെടുത്തി 5.04 കോടി രൂപ വകയിരുത്തിയിട്ടുള്ളതായി കേന്ദ്ര ഗവൺമെന്റിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. എന്നാൽ അനുവദിച്ച തുകയൊന്നുംതന്നെ നാളിതുവരെ ലഭ്യമായിട്ടില്ല.

(സി)

ജില്ല	പദ്ധതികളുടെ എണ്ണം	എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ)
തിരുവനന്തപുരം	66	1378.95
പത്തനംതിട്ട	17	469.02
ആലപ്പുഴ	7	302.83
കോട്ടയം	46	796.28
ഇടുക്കി	79	787.14
എറണാകുളം	2	5.10
തൃശ്ശൂർ	59	434.80
പാലക്കാട്	28	1239.10
മലപ്പുറം	215	1757.03
കോഴിക്കോട്	19	170.55
വയനാട്	10	136.00
കണ്ണൂർ	5	17.27
കാസർഗോഡ്	1	25.00

(ഡി) കാസർഗോഡ് ജില്ലയിലെ ബദിയടുക്ക ഗ്രാമ പഞ്ചായത്തിൽ നിന്ന് കടമന ശുദ്ധജല വിതരണ പദ്ധതി എന്ന പേരിൽ 25 ലക്ഷം രൂപ എസ്റ്റിമേറ്റ് തുക വരുന്ന ഒരു പദ്ധതിക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പുങ്കാടിമട ഗുണഭോക്തൃസമിതിയാണ് സമർപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly